# മണിക്കല്ല്

മുഖപത്രം

## ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, വാകേരി

2013 ജൂലൈ | ലക്കം : 1 | കോപ്പി : 1000


### മുഖക്കുറിപ്പ്

വാകേരി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ മുഖപത്രമാണ് മണിക്കല്ല്. ഈ പേരു സ്വീകരിക്കുന്നത് വാകേരിയുടെ പഴയ സ്ഥലനാമത്തിൽ നിന്നാണ്. വാകേരി അങ്ങാടി ഉൾപ്പെടുന്ന സ്ഥലം മുമ്പ് അറിയപ്പെട്ടിരുന്നത് 'മണിക്കല്ല് ചാല്' എന്ന പേരിലാണ്. അമ്പതാം വാർഷികത്തിന്റെ ഭാഗമായി സ്കൂൾ ചരിത്രം അന്വേഷിച്ചപ്പോഴാണ് ഈ പഴയ സ്ഥലനാമം യാദൃശ്ചികമായി അറിയാനിടയായത്. ഇപ്പോൾ സ്കൂൾ ആരംഭിക്കുന്ന മുഖപത്രത്തിന് ഈ പേര് നൽകിയതിലൂടെ വാകേരിയുടെ പഴമയും മറന്നുപോയ ചരിത്രവും ഓർത്തെടുക്കാനും നിലനിർത്താനുമുള്ള ശ്രമത്തിന്റെ ഭാഗംകൂടിയാണ്.

കുട്ടികളുടെ രചനകൾക്ക് മുഖ്യപ്രാധാന്യം നൽകണമെന്നാണ് എഡിറ്റോറിയൽബോർഡ് തീരുമാനിച്ചത്. എന്നാൽ വാർഷിക റിപ്പോർട്ടും മറ്റുപ്രവർത്തനങ്ങളുമൊക്കെ ചേർക്കേണ്ടിവന്നതിനാൽ ഈ ലക്കം കുട്ടികളുടെ സർഗ്ഗാത്മക രചനകൾ വേണ്ടത്ര ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വരും ലക്കങ്ങളിൽ അവ ഉൾപ്പെടുത്തുന്നതാണ്.

കഴിഞ്ഞ ഒരു വർഷം സ്കൂളിൽ നടന്ന പ്രവർത്തനങ്ങളാണ് പത്രത്തിൽ ഏറെയും ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു തിരനോട്ടം മാത്രമാണ് നടത്താൻ കഴിഞ്ഞിട്ടുള്ളത്. പലതും വിട്ടുപോയേക്കാം. വിദ്യാലയത്തിന്റേയും പി.ടി.എ.യുടേയും പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തി ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി ഞങ്ങളുടെ ഈ സംരംഭം വിജയിപ്പിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു.

-എഡിറ്റർ



### പ്രതിവാര അയൺ-ഫോളിക് ആസിഡ് പോഷണ പദ്ധതി (WIFS)

കേരള സംസ്ഥാന വിദ്യാഭ്യാസ, സാമൂഹ്യ നീതിന്യായ, ആരോഗ്യ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സ്കൂളിൽ 2013 ജൂലൈ 9 മുതൽ എല്ലാ ചൊവ്വാഴ്ചകളിലും ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് അയൺ-ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം തുടങ്ങി കൗമാരകാലഘട്ടത്തിൽ ശരീരഭാരവും, പൊക്കവും തമ്മിലുള്ള അനുപാതം കുറഞ്ഞിരിക്കുകയും അനീമിയ കാണപ്പെടുകയും ചെയ്താൽ ഗുരുതരമായ പോഷകാഹാര കുറവിന്റെ സൂചനയായി അതിനെ കണക്കാക്കാം. രക്തത്തിന് ചുവപ്പ്നിറം നൽകുന്ന ഹീമോഗ്ലോബിനിൽ ധാരാളം അയൺ അടങ്ങിയിരിക്കുന്നു. ആഹാരത്തിൽ അയണിന്റെ അളവ് കുറഞ്ഞാൽ ഹീമോഗ്ലോബിന്റെ അളവ് (രക്തത്തിലെ ഇരുമ്പ് സത്ത്) കുറയും. ഹീമോഗ്ലോബിന്റെ അളവു കുറയുക വഴി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ഓക്സിജന്റെ പ്രയാണവും കുറയും. ഈ അവസ്ഥയെയാണ് അനീമിയ ഇന്ത്യയിലെ ഒരു പ്രധാന പോഷകാഹാര പ്രശ്നമാണ്. അതുകൊണ്ട് അനീമിയയെ പ്രതിരോധിക്കാനും നിയന്ത്രിക്കാനും അയണിന്റെ വിതരണം ആവശ്യമായി തീർന്നു അയൺ, ഹോളിക് ആസിഡ് ഗുളികകൾ ആഴ്ച യിൽ ഒന്നു വച്ച് ഒരു വർഷം 52 എണ്ണമെങ്കിലും മുടങ്ങാതെ കഴിക്കുന്നത് കൗമാരക്കാരിലെ അനീമിയയെ തടഞ്ഞു നിർത്താൻ സഹായിക്കും. വിരശല്യത്തിനുള്ള ആൽബന്റസോൾ ഗുളികകൾ വർഷത്തിൽ രണ്ടു തവണ വിതരണം നടത്തും. എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും ഉച്ച ഭക്ഷണ ത്തിന് ശേഷം മാത്രമാണ് കുട്ടികൾ അയൺ ഫോളിക് ആസിഡ് ഗുളികകൾ കഴിക്കുന്നത്. സ്കൂളിൽ ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത് ഹിന്ദി അദ്ധ്യാപകൻ ശ്രീ. ഗിരീഷ് ബാബുവാണ്.

### സ്കൂളിൽ മോഷണ ശ്രമം

ശ്രുതി എൻ.എസ്.

ജി.വി.എച്ച്.എസ്.എസ്. വാകേരി : സ്കൂൾ കെട്ടിടത്തിൽ മോഷണശ്രമം. മോഷ്ടാക്കൾ സ്കൂളിനെ കുറിച്ച് അടുത്തറിയുന്നവരെന്നാണ് അധികാരികളുടെ നിഗമനം. സ്കൂൾ ബുക്ക് സ്റ്റാളിൽ ആണ് മോഷണ ശ്രമം നടന്നത്. വാതിലിന്റെ പൂട്ട് മുറിച്ചാണ് മോഷ്ടാവ് അകത്ത് കടന്നത്. സ്കൂൾ തുറന്ന സമയം ബുക്കുകളെല്ലാം കൊടുത്ത് കഴിയാനായ സമയം, പണം അകത്ത് ഷെൽഫിൽ ഉള്ള സമയം ഇതെല്ലാം അറിയുന്ന ആളാണ് മോഷണ ശ്രമം നടത്തിയതെന്നാണ് അന്വേഷണ റിപ്പോർട്ടിൽ. സ്കൂളിൽ ആദ്യമെത്തിയ സ്റ്റാഫും വിദ്യാർത്ഥികളുമാണ് മോഷണം നടന്നത് ആദ്യം കണ്ടത്. തുടർന്നു പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. മോഷ്ടാവിനെ ഉടൻ കണ്ടെത്താൻ കഴിയുമെന്ന വിശ്വാസത്തിലാണ് പോലീസുകാർ.



സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി നിർവ്വഹിക്കുന്നു.

### ചുരത്തിലൂടെ വിദ്യാർത്ഥികളുടെ മഴയാത്ര

കോഴിക്കോട് : കേരള പ്രകൃതി സംരക്ഷണ ഏകോപന സമിതി സംഘടിപ്പിച്ച വയനാട് ചുരത്തിലെ പ്രകൃതി പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ ചുരം നടന്നിറങ്ങി.

കോഴിക്കോട് വയനാട് ജില്ലകളിലെ 115 സ്കൂളിൽ നിന്നും 6289 വിദ്യാർത്ഥികൾ ചുരത്തിലെ മഴയാത്രയിൽ പങ്കെടുത്തു. 4-ാം ക്ലാസ് മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾ യാത്രയിൽ പങ്കെടുത്തു. ജി.വി.എച്ച്.എസ്.എസ്. വാകേരി സ്കൂളിൽ നിന്നും 25-ൽ ഏറെ പേർ പങ്കെടുത്തു. ചുരത്തിലുടനീളം വിത്തുകൾ പാകി അവർ യാത്ര ആസ്വദിച്ചു. ചുരത്തിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലങ്ങളിൽ റോഡിനു സമീപത്തായി മണ്ണിട്ട് വൻ ഫ്ളാറ്റ് ഫോമുകൾ ഉണ്ടാക്കുന്നത് വനത്തിലൂടെയുള്ള നീരൊഴുക്കിനെ ബാധിക്കുന്നതായി യാത്രയിൽ കണ്ടെത്തി. ഈ ചുരത്തിലെ റോഡിനു സുരക്ഷാ, ഭീഷണി ഉയർത്തുന്നതായും വിലയിരുത്തി. ലക്കിടിയിൽ ഇറങ്ങി വിദ്യാർത്ഥികൾ ചുരം ആശ്വസിച്ച് അടിവാരം വരെ നടന്നു.

### നഷ്ടദിനങ്ങൾ (കവിത)

അനുരഞ്ജിനി പി. ആർ.
(പൂർവ്വ വിദ്യാർത്ഥിനി)

ആഗ്രഹങ്ങൾക്കും
വിചാരങ്ങൾക്കുമപ്പുറം
ആവേശത്തിൻ
നോവുകൾ മാത്രം
മുട്ടിയവാതിലുകൾ
കൊട്ടിയടയയ്ക്കപ്പെടുമ്പോൾ
കത്തിജ്ജ്വലിക്കാനായിരുന്നു
മനസ്സിന്റെ വെമ്പൽ.
കരിന്തിരി കത്തി
അണഞ്ഞില്ല ഞാൻ
ഹതഭാഗ്യൻ.
പക്ഷേ,
എന്റെ കാതിൽ പതിച്ചതെല്ലാം
കരുണാർദ്രമായ രോദനമായിരുന്നു.
എരിയുമെന്നാത്മാവിൽ
ഉണർന്നതെല്ലാം
ചുടു നെടുവീർപ്പുകളായിരുന്നു.

എനിക്കെന്റെ
നഷ്ടദിനങ്ങളോട്
വ്യാകുലപ്പെടാതിരിക്കാനാവില്ല
നിഴലും നിലാവും
കൈകൊടുത്തു പിരിയുമ്പോൾ
അകലെ, ഇരുട്ടുകടന്നെത്തുന്ന
ചുവന്ന പ്രഭാതരശ്മികൾക്കായി
കണ്ണിമ ചിമ്മാതെ
കാത്തുനിൽക്കുമ്പോൾ
സംഗീതത്തിന്റെ മാധുര്യവും
മഴവില്ലിന്റെ
ശോഭയുമുള്ള കാലം
വരാതിരിക്കില്ലെന്ന പ്രതീക്ഷയോടെ
കാത്തിരിക്കുന്നു
പുതിയ കാലത്തിനുവേണ്ടി

## സന്ദേശം

വാകേരി സ്കൂളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സംരംഭമായ മണിക്കല്ലിന് ആശംസകൾ നേരുന്നു.

കഴിഞ്ഞ ഒരു വർഷത്തെ പി.ടി.എ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഏറെ ചാരിതാർത്ഥ്യം തോന്നുന്നു. മികവുറ്റ നിരവധി പ്രവർത്തനങ്ങൾ ഈ കമ്മിറ്റിക്ക് നടത്താൻ സാധിച്ചിട്ടുണ്ട്. അമ്പതാം വാർഷികത്തിന്റെ ആഘോഷങ്ങൾക്കുള്ളിലാണ് കഴിഞ്ഞ അദ്ധ്യായനവർഷം കടന്നുപോയത്. വാർഷികാഘോഷങ്ങൾക്ക് നേതൃത്വം നൽകാൻ കമ്മിറ്റിക്കു കഴിഞ്ഞിട്ടുണ്ട്. ബഹുജനപങ്കാളിത്തം ഉറപ്പാക്കാനും ആളുകളെ പങ്കെടുപ്പിക്കാനും സാധിച്ചു. പൂർവ്വ വിദ്യാർത്ഥിസംഗമം വിജയിപ്പിക്കുന്നതിനും ഈ കമ്മിറ്റിക്കു സാധിച്ചിട്ടുണ്ട്.

വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഈ കമ്മിറ്റിയുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ഊട്ടുപുര, ടോയ്‌ലറ്റ്, വിറകുപുര, റീഡിംഗ് റൂം, ഓഫീസ് നവീകരണം, പെയിന്റിംഗ്, ഗ്രൗണ്ട് ശുചീകരണം, ബഞ്ച്, ഡസ്ക് റിപ്പയർ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കി. അക്കാദമിക മേഖലയിൽ വിജയശതമാനം ഉയർത്തുന്നതിനായി കുട്ടികളുടെ ഭവനസന്ദർശനം, ക്യാമ്പുകൾ പ്രത്യേക പരിശീലനം, ഡയറി, യൂണിഫോം, ഐഡി കാർഡ് തുടങ്ങിയ പരിഷ്കാരങ്ങൾ വരുത്തി. എസ്.പി.സി.,ജെ.ആർ.സി., കലാകായികമേളകളിലെ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ഈ കമ്മിറ്റിക്കു സാധിച്ചിട്ടുണ്ട്. ഭൗതീക, അക്കാദമിക മേഖലകളിൽ ഈ വർഷം നടത്തിയ പ്രവർത്തനങ്ങളിൽ കമ്മിറ്റിക്ക് അഭിമാനിക്കാം. തുടർന്നുവരുന്ന കമ്മിറ്റി അംഗങ്ങൾക്ക് വിദ്യാലയത്തെ കൂടുതൽ മികവിലേക്കു നയിക്കാൻ കഴിയട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് നിർത്തുന്നു.

ആശംസകളോടെ

**സി. എം. ഷാജി**

പി.ടി.എ. പ്രസിഡണ്ട്.

## 50-ാം വാർഷികം

സുവർണ്ണ ജൂബിലി ആഘോഷങ്ങളാണ് 2013-13 അദ്ധ്യായന വർഷം വാകേരിക്ക് മാറ്റു കൂട്ടിയത്. അമ്പതാം വാർഷികം എസ്.എസ്.ജി.യുമായി സഹകരിച്ചാണ് നടത്തിയത്. ശ്രീ. സത്യാലയം തമ്പി ചെയർമാനും ജെറി ആഞ്ചലീന കൺവീനറും ആയ ആഘോഷകമ്മിറ്റി രൂപീകരിച്ചു. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖരും, നാട്ടുകാരും, രക്ഷിതാക്കളും ചേർന്ന് വിപുലമായ കമ്മിറ്റിയാണ് ആഘോഷങ്ങൾ സംഘടിപ്പിച്ചത്. എം.എൽ.എ., എം.പി.,ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്ത് പ്രസിഡണ്ട്, മെമ്പർമാർ എന്നിവർ രക്ഷാധികാരികളായിരുന്നു. ഉദ്ഘാടന ചടങ്ങുകളിലും പരിപാടികളിലും ഇവരുടെ ഏവരുടേയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. വാർഷികാഘോഷം വിദ്യാഭ്യാസ വകുപ്പുമന്ത്രി ബഹു. ജനാബ് അബ്ദുറബ്ബ് ഉൽഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ വച്ച് വയനാട് എം.പി. ശ്രീ. എം. ഐ. ഷാനവാസ് ഊട്ടുപുരയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. എൽ. പൗലോസ്, ജില്ലാ ഡിവിഷൻ മെമ്പർ ശ്രീമതി തങ്കമ്മ ടീച്ചർ, ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി എൻ. ഐ. തങ്കമണി, പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഐ. ബി. മൃണാളിനി, വാർഡ് മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു. ഈ വേദിയിൽവച്ച് മുൻ പി.ടി.എ. പ്രസിഡണ്ടുമാരെ ആദരിക്കുന്ന ചടങ്ങുകൂടി നടന്നു. ഇതിനോട് അനുബന്ധിച്ച് 'നാട്ടുക്കൂട്ടം വയനാട്' നാടൻപാട്ട് അവതരിപ്പിച്ചു. പൂർവ്വ വിദ്യാർത്ഥി അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. സി.കെ. സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു. വിവിധ കലാപരിപാടികൾ പൂർവ്വ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. വയനാട്ടുകാരിയായ ബഹു. മന്ത്രി കുമാരി ജയലക്ഷ്മി ഉദ്ഘാടനം നിർവ്വഹിച്ചു. ഈ ദിവസം ഓട്ടൻതുള്ളൽ അവതരിപ്പിച്ചു. വാർഷികാഘോഷം ഈ വർഷം മാത്രമേ സമാപിക്കൂ.




എഡിറ്റോറിയൽ ബോർഡ്

**പി.ആർ. ചന്ദ്രമതി** - എച്ച്.എം., ചീഫ് എഡിറ്റർ

**കെ. കെ. ബിജു** - എച്ച്.എസ്.എ.,സ്റ്റാഫ് എഡിറ്റർ

**പ്രവീൺ പി. മാത്യു** - സ്റ്റാഫ് സെക്രട്ടറി

**ഗിരീഷ് ബാബു** - എച്ച്.എസ്.എ.

**രജിത എ** - എച്ച്.എസ്.എ.

**റോയി വി. ജെ.** - എൻ.വി.റ്റി. വി.എച്ച്.എസ്.ഇ.

**കെ.ആർ.ഷാജൻ** - എച്ച്.എസ്.എ.

**സി.എം.ഷാജി** - പി.റ്റി.എ. പ്രസിഡണ്ട്


### പാറയുടെ മുകളിൽ കിണർ താഴ്ന്നു.

ശ്രുതി കെ.എസ്.

**വാകേരി** : പാറയ്ക്ക് മുകളിൽ നിർമ്മിച്ചിരുന്ന കിണർ താഴ്ന്നു. 25 വർഷം പഴക്കമുള്ള വാകേരി മൂടക്കൊല്ലി എൻ.സി. ഗോപിനാഥന്റെ കിണറാണ് താഴ്ന്നത്. ഏകദേശം 25 അടിയോളം താഴ്ചയുള്ള കിണറാണ് പാറയ്ക്ക് മുകളിൽ റിങ്ങ് വാർത്തിറക്കിയതായിരുന്നു. പാറയടക്കം താഴ്ന്നതാണ് കിണർ താഴാൻ കാരണമെന്ന് കരുതുന്നു.

### കാട്ടാന ശല്യം ജനങ്ങൾ ഭീതിയിൽ - 10 എ

**വാകേരി** : കാട്ടാന ശല്യം മൂലം പ്രദേശവാസികൾ ഭീതിയിലായി. മൂന്നാനക്കുഴിയിൽ മൂന്നാനകൾ ഇറങ്ങി. 25ന് രാത്രി ഇറങ്ങിയ ആന സ്വകാര്യ വ്യക്തിയുടെ എസ്റ്റേറ്റിൽ ആയിരുന്നു. 26ന് വൈകിട്ട് 6.30തോടെ വനം വകുപ്പും നാട്ടുകാരും ചേർന്ന് ആനയെ തുരത്തി.

വന്യ മൃഗശല്യത്തിനെതിരെ കഴിഞ്ഞാഴ്ച നാട്ടുകാർ മൂന്നാനക്കുഴി ഫോറസ്റ്റ് ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. വട്ടതാനി കല്ലൂർകുന്ന് മൂടക്കൊല്ലി ഭാഗത്താണ് കാട്ടാനശല്യം രൂക്ഷമായത്.

### ചരിത്രത്തിലെ ജൂൺ "27"

**1895**-ലോകത്തെ ആദ്യ ഇലക്ട്രിക് ട്രെയിൻ വാഷിങ്ങ്ടൺ ഡിസിയിൽ നിന്ന് ന്യൂയോർക്ക് വരെ സഞ്ചരിച്ചു.

**1941**- രണ്ടാം ലോക മഹായുദ്ധത്തിൽ നാസി ജർമനിയുടെ സംഖ്യയായിരുന്ന റുമാനിയൻ ഗവൺമെന്റ് ഫോഴ്സസ് റുമാനിലെ അയാഡിയിൽ 13266 ജൂതന്മാരെ കൂട്ട കുരുതിചെയ്തു.

**1950** - കൊറിയൻ യുദ്ധത്തിൽ പങ്കെടുക്കാൻ സേനയെ അയയ്ക്കാൻ അമേരിക്ക തീരുമാനിച്ചു. 1954-മാസോകയിലെ ഒബ് നിൻസകിൾ ലോകത്തിലെ ആദ്യ ആണവോർജ്ജനിലയം തുറന്നു.

### അനുമോദനം അറിയിച്ചു.

**മെയിൻ ഹാൾ** : 2013 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ വാകേരി വിദ്യാലയത്തിന് നൂറ് ശതമാനം വിജയം നേടിത്തന്ന എല്ലാ വിദ്യാർത്ഥികൾക്കുമായി 3/7/2013ന് അനുമോദന ചടങ്ങ് സംഘടിപ്പിച്ചു. ചടങ്ങിൽ ഷൈലമ്മ ടീച്ചർ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. വി. ശശി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ സൈനുൽ ആബിദിന് ഉപഹാരവും നൽകി. വിദ്യ എന്നുള്ളത് ദൈവത്തിന്റെ വരദാനമാണെന്നും അത് മെച്ചപ്പെടുത്തുവാൻ കഠിനമായി പ്രയത്നിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു. പി.ടി.എ. പ്രസിഡണ്ട് ഷാജി, ഹെഡ്മാസ്റ്റർ ചന്ദ്രമതി ടീച്ചർ, വാർഡ് മെമ്പർ സിന്ധു രവീന്ദ്രൻ, പി.ടി.എ. മെമ്പർ സിന്ധു പ്രകാശ്, പി.ടി.എ. അംഗങ്ങൾ അബൂബക്കർ, കെ. എം. ബാബു, കെ. കെ. ബിജു മാസ്റ്റർ എന്നിവർ ചടങ്ങിൽ ആശംസ അറിയിച്ചു. മികച്ച വിജയം നേടിയ സൈനുൽ ആബിദിന് അധ്യാപിക രജിത ടീച്ചർ ക്യാഷ് അവാർഡ് നൽകി. എല്ലാ വിദ്യാർത്ഥികൾക്കും പി.ടി.എ. പ്രസിഡണ്ട് ഷാജി സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടിയിൽ വിദ്യാർത്ഥികളായ സൈനുൽ ആബിദ്, രാഗിൻ കെ. പി., ഷഫീക് എന്നിവർ സംസാരിച്ചു. പരിപാടിക്കിടയിലെ ചായയും കടിയും കുട്ടികൾക്കുള്ളിൽ ആവേശം പരത്തി. ചടങ്ങിന് അധ്യാപകനായ സുനിൽ സാർ നന്ദി പറഞ്ഞു.

### ബഷീർ പ്രശ്നോത്തരി

നിസ്ല കെ.എം.

**ലൈബ്രറിവിംഗ്** : പ്രശസ്ത എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണ ദിനത്തിനോടബന്ധിച്ച് ബഷീർ പ്രശ്നോത്തരി സംഘടിപ്പിച്ചു. കൈരളി ക്ലബിന്റെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. ഉച്ച കഴിഞ്ഞ് 5-7-2013 രണ്ട് മണിയായിരുന്നു. പരിപാടിയുടെ തുടക്കം. നിരവധി വിദ്യാർത്ഥികൾ പ്രശ്നോത്തരിയിൽ പങ്കെടുത്തു. പരിപാടിക്ക് രജിത ടീച്ചർ നേതൃത്വം വഹിച്ചു. ദീർഘനേരം വിദ്യാർത്ഥികൾ തമ്മിൽ മാറ്റുരച്ചു. ബഷീർ പ്രശ്നോത്തരിയുടെ വിജയികളായി ഷെറിൻ ശിഫാന എട്ട് എ., അഖില സാബു എട്ട് എ, ലക്ഷ്മി സാജു ഒമ്പത് ബി എന്നിവരെ തിരഞ്ഞെടുത്തു.

### വീണ്ടും ഒരോർമ്മ

(കവിത)

നിത്യ എം.എസ്. (പൂർവ്വ വിദ്യാർത്ഥിനി)

കൈരളീ,<br>
നിന്നിലെ താരുണ്യത്തുടിപ്പുകൾ<br>
ഞൊടിയിടയിൽ ചീന്തിയെറിയപ്പെട്ടത്<br>
എങ്ങനെയാണ് ?<br>
എരുതും ഏലയും<br>
കളകളാരവം തീർക്കും കുഞ്ഞരുവികളും<br>
കാഴ്ചകളെ മറയ്ക്കുന്ന<br>
ഭീമമാം മലകളും<br>
അവയ്ക്കുമീതെ പറക്കുന്ന<br>
ദേശാടന കിളികളും<br>
എങ്ങുപോയി ?<br>
ഇളംകാറ്റിന്റെ ഈണത്തിൽ<br>
ചുവടുവെക്കുന്ന<br>
തെങ്ങോലയും<br>
കാറ്റിനു ഹരം പകർന്ന്<br>
മധുര സംഗീതം പൊഴിക്കും<br>
മുളങ്കാടുകളും എവിടെ ?<br>
മുക്കുറ്റിപൂവും അപ്പൂപ്പൻതാടിയും<br>
പത്തുമണിക്കുണരുന്ന പൂവും<br>
മകരമഞ്ഞും<br>
കർക്കിടക മഴയും<br>
കവി കാഴ്ചകളിലെ വർണ്ണിച്ചു തീരാത്ത വിസ്മയം<br>
ഇന്നവ<br>
താളം തെറ്റിയ കണ്ണികൾ മാത്രം<br>
വാക്കുമുട്ടി ഒഴുക്ക് നിലച്ച<br>
നിളയുടെ നിശ്വാസം കേൾക്കുമ്പോൾ<br>
എനിക്ക്,<br>
കരയാൻ തോന്നുന്നു<br>
പക്ഷെ,<br>
നീരില്ല കണ്ണിൽപോലും<br>
ഇന്നലെയുടെ ഓർമ്മകൾ<br>
ഹൃദയത്തിൽ അലയടിക്കുമ്പോൾ<br>
ഇന്നിന്റെ<br>
കറുത്തു കലുഷമായ ദുഃഖഭാരം പേറി<br>
സർവ്വ നാഡിയും തളർന്ന്<br>
കൈരളി<br>
നാളേക്ക്,<br>
ഓർമ്മകളും കാഴ്ചകളും<br>
മറയുന്നതിന് മുമ്പ്<br>
എന്റെ പുസ്തക താളിൽ<br>
കദനവും കവിതയും<br>
കുറിച്ചിടുന്നു....

## വീഡിയോ പ്രദർശിപ്പിച്ചു.

നിസ്‌ല കെ.എം.

**വാകേരി** : കുട്ടികളിൽ കലയുടെ അറിവിനെ വർദ്ധിപ്പിക്കാനായി മലയാള പാഠഭാഗത്തിലെ കഥകളിയുമായി ബന്ധപ്പെട്ട് ബിജു മാസ്റ്ററുടെ നേതൃത്വത്തിൽ പത്ത് സി ക്ലാസിനും പത്ത് ഡി ക്ലാസിനും 3-7-2013 ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് കഥകളി വീഡിയോ പ്രദർശിപ്പിച്ചു. കുട്ടികളെല്ലാം തന്നെ വളരെ ആഹ്ലാദത്തിൽ ആകാംഷയോടെ വീഡിയോ കണ്ടു. സ്കൂൾ സ്മാർട്ട് ക്ലാസിൽ വെച്ചായിരുന്നു കഥകളി വീഡിയോ കുട്ടികൾക്കായി പ്രദർശിപ്പിച്ചത്. ഇത് കുട്ടികളിൽ അറിവ് നൽകിയെന്നും കുട്ടികൾ അഭിപ്രായപ്പെട്ടു. പത്ത് സി ക്ലാസിന് സി.പി.യു.വിൽ പ്രശ്നം വന്നതിനാൽ കുറച്ച് മാത്രമേ കാണാൻ സാധ്യമായുള്ളൂ. അതിന് പകരമായി പിന്നീട് ഒരിക്കൽ കാണിക്കാമെന്ന് ബിജു മാസ്റ്റർ അറിയിച്ചു. ഇത് പത്ത് സി ക്ലാസിലെ കുട്ടികളുടെ ഉള്ളിൽ ആശ്വാസം പകർന്നു.

## കഥാ രചനാ മത്സരം നടത്തി

**ലൈബ്രറിവിംഗ്** : കൈരളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കഥാ രചനാ മത്സരം സംഘടിപ്പിച്ചു. "സ്നേഹത്തിന്റെ അളക്കാൻ കഴിയാത്ത മഹത്വവും സൗന്ദര്യവും" എന്ന വിഷയത്തിലായിരുന്നു മത്സരം നടന്നത്. പതിനെട്ടോളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. 1-7-2013ന് ഉച്ചതിരിഞ്ഞ് 2.30 തിനായിരുന്നു പരിപാടിക്ക് ആരംഭം കുറിച്ചത്. മത്സര പരിപാടിയ്ക്ക് രജിത ടീച്ചർ നേതൃത്വം വഹിച്ചു. പ്രസ്തുത വിഷയത്തിൽ നല്ല രീതിയിൽ എഴുതാൻ കഴിഞ്ഞുവെന്ന് വിദ്യാർത്ഥികൾ വെളിച്ചത്തോട് അറിയിച്ചു. കഥാ രചനാ മത്സരത്തിന്റെ ഫല പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നും മത്സര കൺട്രോളർ രജിത ടീച്ചർ അറിയിച്ചു. വിജയികളുടെ പേരു വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുമെന്നും അറിയിച്ചു.

## വിശ്വമലയാളം

- കവിത

പ്രിൻസ് കെ. കെ.
ക്ലാസ് പത്ത് ബി

വിശ്വസുന്ദര മനോഹരി മലയാളം
മലയാളം മറക്കുന്നു മലയാളി
ശോഷിച്ച് ശോഷിച്ച് തീരുമോ...
മലയാള ഭാഷതൻ മാതൃസ്നേഹം

ഇന്നോ മലയാള നാടിൻ
അവസ്ഥയോ അതിഭീകരം
എൻ മനസ്സിൽ പടർന്ന
നിമിഷമോ അതിചോരമാം
എണ്ണിലൊടുങ്ങാത്ത
മലയാള സ്നേഹമോ
നമ്മുടെ സിരകളിൽ ഒഴുകിടുന്നു.

# 2012-13 എസ്.എസ്.എൽ.സി. റിപ്പോർട്ട്

### നോൺ D+ പഠനപരിപാടി 2012-13

*എസ്. ആർ. സുനിൽ കുമാർ*

10-ാം തരത്തിൽ ജൂലൈമാസം എല്ലാ വിഷയങ്ങൾക്കും ക്ലാസ് ടെസ്റ്റ് നടത്തി പൊതു പരീക്ഷയിൽ D+ന് താഴെ ഗ്രേഡ് ലഭിക്കാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്ക് 10-ാം തരത്തിലെ നിലവാരത്തിലെത്തിക്കാൻ ഉച്ചക്ക് 1.30 മുതൽ 2 മണി വരെ പ്രത്യേക പരിശീലന പരിപാടി നടത്തി.

പിയർഗ്രൂപ്പ് രൂപീകരിക്കുകയും ഉച്ച സമയങ്ങളിൽ പിയർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പഠിക്കുന്നതിനായി നിർദ്ദേശം നൽകുകയും ഗ്രൂപ്പിലെ തെരഞ്ഞെടുത്ത കുട്ടികൾ മറ്റുകുട്ടികളെ പഠിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. പഠനത്തിൽ പിന്നോക്കം നിന്നിരുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം പ്രത്യേകം വിളിച്ച് ചേർത്ത് സഹായ പ്രവർത്തനങ്ങൾ തയ്യാറാക്കി. രാവിലെയും വൈകുന്നേരവും അധിക സമയം കണ്ടെത്തി. ഗ്രേഡ് നിലവാരം ഉയർത്താനും സമ്പൂർണ്ണ വിജയം നേടുന്നതിനുമുള്ള പ്രവർത്തനകലണ്ടർ തയ്യാറാക്കി.

എല്ലാ വിഷയങ്ങൾക്കും കൃത്യമായി യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തി. കുട്ടികളുടെ സാഹചര്യം നേരിട്ട് മനസ്സിലാക്കുന്നതിനുവേണ്ടി മുഴുവൻ കുട്ടികളുടെയും വീടുകൾ സന്ദർശിക്കുകയും അവരുടെ ജീവിത സാഹചര്യങ്ങൾ അധ്യാപകർ നേരിട്ട് മനസ്സിലാക്കുകയും പഠിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോളനികൾ ഇടക്കിടെ സന്ദർശിക്കുകയും കുട്ടികളുടെ ഹാജർനില ഉറപ്പാക്കുകയും ചെയ്തു. ഇതിനായി ജനപ്രതിനിധികൾ ട്രൈബൽ പ്രമോട്ടർമാർ പി.റ്റി.എ. എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി.

ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയ വിജയ ജ്യോതി, NCERTയുടെ Question Pool എന്നിവ അധ്യാപകർ കൃത്യമായി ക്ലാസ് റൂം പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി. പി.ടി.എ., രക്ഷകർത്താക്കൾ, എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ എന്നിവർക്കായി ജൂലായ്, ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിൽ ബോധവൽക്കരണ ക്ലാസ്സും ആവശ്യമായ കുട്ടികൾക്ക് കൗൺസലിംഗ് സേവനം ഏർപ്പെടുത്തുകയും ചെയ്തു.

### അയൽക്കൂട്ട പഠനവും പ്രാദേശിക പി.ടി.എ.കളും

14-09-2012 ൽ എച്ച്.എം.ന്റെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി. കുട്ടികളെ അയൽക്കൂട്ട പഠനത്തിനായി ഗ്രൂപ്പുകളായി തിരിച്ചു. 114 കുട്ടികളെ 22 പഠന ഗ്രൂപ്പുകളായി തിരിച്ചു. ഓരോ പഠനക്കൂട്ടത്തിനും ലീഡർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. 17-09-2012 മുതൽ പഠനക്കൂട്ടം ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ടൈംടേബിൾ രൂപീകരിച്ച് പഠന സമയം നിശ്ചയിക്കുകയും ഓരോ പഠനക്കൂട്ടത്തിനും അധ്യാപകരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഓരോ പഠനക്കൂട്ടത്തിനും പ്രാദേശിക പി.ടി.എ.കൾ ഉണ്ടാക്കുകയും കുട്ടികളുടെ പഠനത്തിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പി.ടി.എ., എം.പി.ടി.എ.യുടെ പൂർണ്ണ സഹകരണം ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടായി. പഠനകൂട്ടം കൊണ്ട് വിദ്യാർത്ഥികളിൽ പഠനനിലവാരം മെച്ചപ്പെടുത്താനും ഗ്രേഡ് നിലവാരം ഉയർത്താനും സാധിച്ചതായി റിസൽറ്റ് അവലോകന സമയത്ത് മനസിലായി. എന്നാൽ ചില അയൽക്കൂട്ട പഠന കേന്ദ്രങ്ങൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചില്ല എന്നതും സത്യമായ കാര്യമാണ്.

### പകൽസമയ ക്യാമ്പും രാത്രികാല റസിഡൻഷ്യൽ ക്യാമ്പും

**കെ. ആർ. ഷാജൻ, രമ്യ കെ. ആർ**

എസ്.എസ്.എൽ.സി. പരീക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് നമ്മുടെ സ്ക്കൂൾ എല്ലാ വർഷവും നടത്തി വരാറുള്ളതുപോലെ പകൽസമയ ക്യാമ്പും രാത്രികാല റസിഡൻഷ്യൽ ക്യാമ്പും സംഘടിപ്പിച്ചു. ഇതിനായി രക്ഷകർതൃയോഗം വിളിക്കുകയും, അതിൽ നിന്നും കമ്മിറ്റി രൂപീകരിക്കുകയും ക്യാമ്പ് ഡി.പി. രാജേന്ദ്രൻ നേതൃത്വത്തിൽ ഭംഗിയായി നടന്നു. ജനുവരി 14ന് തുടങ്ങിയ പകൽ സമയ ക്യാമ്പിൽ ടൈംടേബിൾ പ്രകാരമുള്ള ക്ലാസുകളാണ് സംഘടിപ്പിച്ചത്. പ്രയാസമേറിയ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി. കൂടാതെ കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസുകൾ നടത്തി. 35 ദിവസത്തെ പകൽക്യാമ്പും തുടർന്ന് 12 ദിവസത്തെ രാത്രികാല റസിഡൻഷ്യക്യാമ്പും നടത്തി. റസിഡൻഷ്യൽ ക്യാമ്പിൽ കുട്ടികളോടൊപ്പം അധ്യാപകരും രക്ഷിതാക്കളും സ്കൂളിൽ താമസിച്ചു. രാവിലെ കട്ടൻകാപ്പി, 8.30 പ്രഭാത ഭക്ഷണം, 10 മണിക്ക് ചായ, ഉച്ചക്ക് ഉച്ചഭക്ഷണം, വൈകുന്നേരം ലഘുഭക്ഷണം, രാത്രി രാത്രിഭക്ഷണം എന്നതോതിൽ വ്യത്യസ്ഥത പുലർത്തുന്നതും പോഷകാഹാര സമൃദ്ധവുമായ ഭക്ഷണമാണ് നൽകിയത്. ഇതിനുവേണ്ടി രക്ഷിതാക്കളിൽ നിന്നും വ്യക്തികളും സന്നദ്ധ സംഘടനകളും ഇതിനായി സഹായങ്ങൾ ലഭിച്ചു. ജില്ലാപഞ്ചായത്തിന്റെ സഹായവും ഇതിനായി പ്രയോജനപ്പെടുത്തി. പകൽ രാത്രികാല ക്യാമ്പിന്റെ ഫലമായി വിജയ ശതമാനം ഉയരുവാനും ഗ്രേഡ് നിലവാരം ഉയരുവാനും കാരണമായി എന്നത് യാഥാർത്ഥ്യമായ വസ്തുതയാണ്. 2013ലെ റിസൾട്ട് ഇതിന് തെളിവാണ്. വൈവിധ്യമാർന്ന ഭക്ഷണം നൽകുന്നതിനുവേണ്ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ദോശക്കല്ല്, ഇഡലിചെമ്പ്, പ്രഷർ കുക്കർ എന്നിവക്ക് ചെലവായ 16,630 രൂപ ഉൾപ്പെടെ 98870 രൂപ ചെലവഴിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 14600 രൂപ പി.ടി.എ.ക്ക് സംഭാവനയായി നൽകി.

### നൈറ്റ്ക്ലാസ്

പകൽ സമയ ക്യാമ്പ് തുടങ്ങിയത് മുതൽ 10-ാം ക്ലാസിലെ തീരെ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിളിക്കുകയും നൈറ്റ് ക്ലാസിനെ പറ്റി ചർച്ച ചെയ്യുകയും രക്ഷിതാക്കളുടെ അഭിപ്രായം അനുസരിച്ച് 6.30 മുതൽ 8.30 വരെ സ്കൂളിൽ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കുകയും അധ്യാപകർ അതിന് നേതൃത്വം നൽകുകയും ചെയ്തു. മുപ്പതോളം കുട്ടികൾ കൃത്യമായി ഈ ക്ലാസ്സുകളിൽ പങ്കെടുക്കുകയും സംശയനിവാരണം നടത്തു കയും ചെയ്തു. തുടർന്നു രാത്രികാല റസിഡൻ ഷ്യൽ ക്യാമ്പു വരെ ഈ പ്രവർത്തനം തുടർന്നു. രക്ഷിതാക്കൾ കുട്ടികളെ കൂട്ടികൊണ്ടു പോകാൻ എത്തിയിരുന്നു. ഈ പ്രവർത്തനത്തിന്റെ ഫലമായി പിന്നാക്കം നിന്ന കുട്ടികൾ വിജയി ക്കുകയും സ്കൂളിന്റെ അഭിമാനമാവുകയും ചെയ്തു.

രാത്രികാല റസിഡൻഷ്യൽ ക്യാമ്പ് വിജയിക്കുന്നതിൻ അധ്യാപകരോടൊപ്പം രക്ഷിതാക്കളുടെയും പങ്ക് നിർണ്ണായകമായിരുന്നു. രക്ഷിതാക്കളെ ഗ്രൂപ്പ് കളായി തിരിച്ച് ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും അവരുടെ നേതൃത്വത്തിലായിരുന്നു. പകൽ സമയത്തും രാത്രികാലങ്ങളിലും പൂർണ്ണമായും സഹകരിക്കുകയും ചെയ്തു. ഈ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയ ഡി.പി. രാജേന്ദ്രന്റെ പ്രവർത്തനം മാതൃകാപരമാണ്.

### ട്രൈബൽ റസിഡൻഷ്യൽ ക്യാമ്പ്

**കെ. കെ. ബിജു**

കഴിഞ്ഞ തവണത്തെപ്പോലെ ഈ പ്രാവശ്യവും വാകേരി സ്കൂളിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ നടത്തുന്ന ട്രൈബൽ കുട്ടിക്കായുള്ള 30 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് വിജയകരമായി നടത്തി. ഇതിനായി ട്രൈബൽ കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം വിളിക്കുകയും എം.കെ. ബാബുവിന്റെ നേതൃത്വത്തിൽ ക്യാമ്പ് ഭംഗിയായി നടത്തി. 27 കുട്ടികളാണ് ട്രൈബൽ റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുത്തത്. കൃത്യമായ ടൈംടേബിൾ പ്രകാരമായിരുന്നു ക്ലാസ്സുകൾ നടന്നത്. കുട്ടികളോടൊപ്പം ടീച്ചർമാരും രക്ഷിതാക്കളും സ്കൂളിൽ താമസിച്ച് ക്യാമ്പിന് നേതൃത്വം നൽകി. കുട്ടികൾക്കായി താമസ സൗകര്യവും, ഭക്ഷണവും മറ്റു സൗകര്യങ്ങളും, പഠനോപകരണവും ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ കുട്ടികൾക്ക് നൽകുകയുണ്ടായി. പി.ടി.എ., എം.പി.ടി.എ. എന്നിവരുടെ പൂർണ്ണ സഹകരണം ഈ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നു. 30 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് കുട്ടികളിൽ കൂടുതൽ ആത്മവിശ്വാസം വളർത്തുകയും പരീക്ഷാ ഭയം മാറുകയും പഠനനിലവാരം മെച്ചപ്പെടാൻ ഇടയാകുകയും ചെയ്തു. ക്യാമ്പ് നടത്തിപ്പിനായി ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നും 94,500 രൂപ ലഭിച്ചു.

### ഉപസംഹാരം

കുട്ടികളുടെ നിലവാരം അനുസരിച്ചുള്ള പ്രത്യേക പഠന പരിശീലന പരിപാടികൾ, അയൽക്കൂട്ട പഠന പ്രവർത്തനങ്ങൾ, കൗൺസിലിംഗ് ബോധവൽക്കരണ പരിപാടി, 47 ദിവസത്തെ പകൽ, രാത്രികാല റസിഡൻഷ്യൽ ക്യാമ്പ്, നൈറ്റ് ക്ലാസ്, 30 ദിവസത്തെ ട്രൈബൽ കുട്ടികൾക്കായുള്ള റസിഡൻഷ്യൽ ക്യാമ്പ് പി.ടി.എ., എം.പി.ടി.എ, എസ്.എസ്.ജി., ത്രിതല പഞ്ചായത്തുകളുടെ സഹകരണം, അധ്യാപകരുടെയും സ്റ്റാഫ് അംഗങ്ങളുടെയും ആത്മാർത്ഥമായ സേവനം, രക്ഷിതാക്കളുടെ സേവന സന്നദ്ധത ഇതിനെല്ലാം നേതൃത്വം നൽകിയ ഹെഡ്മിസ്ട്രസ് പി. ആർ. ചന്ദ്രമതി ടീച്ചറുടെ ദീർഘവീക്ഷണത്തോടെയുള്ള സമർപ്പണ മനോഭാവം എന്നിവകൊണ്ടാണ്. സംസ്ഥാന, ജില്ലാ ശരാശരിയേക്കാളും ഉയർന്ന റിസൾട്ട് നേടാനും മറ്റ് സ്കൂളുകളുടെ റിസൾട്ട് പിന്നോക്കം പോയപ്പോൾ 99.12% വിജയം നേടി വാകേരി സ്കൂൾ അഭിമാന പൂർവ്വമായ വിജയം നേടാനും ഗ്രേഡ് നിലവാരം ഉയരാനും എല്ലാ വിഷയങ്ങ ൾക്കും എ പ്ലസ് ഗ്രേഡ് നേടിയ സൈനുൽ ആബിദിനെ പോലെയുള്ള കുട്ടികളെ വാർത്തെടുക്കാൻ സാധിച്ചതും.

## വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം.

സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഇവയുടെ പ്രവർത്തനം മികച്ച രീതിയിൽ തന്നെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. സജിന ടീച്ചറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി ക്ലബ്ബ് പച്ചക്കറി കൃഷി നടത്തി. സ്കൂൾ പരിസരം ശുചീകരിച്ചു. 'ശുചിത്വവിദ്യാലയം, വീട്' എന്ന പദ്ധതി നടപ്പാക്കി. ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിച്ചു. വിവിധ പ്രൊജക്ടുകൾ സംഘടിപ്പിച്ചു. സിനിമോൾ ടീച്ചറാണ് നേതൃത്വം നൽകിയത്. പാർലമെന്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15ന് സ്വാതന്ത്ര്യ സമര ദൃശ്യാവിഷ്ക്കാരം നടത്തി. എം. പി. ഷൈലമ്മ ടീച്ചർ നേതൃത്വം നൽകി. രതീഷ് സാറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗണിതശാസ്ത്ര ക്ലബ്ബിൽ നിന്ന് ഗണിതശാസ്ത്രമേളയിൽ കുട്ടികൾ പങ്കെടുത്തു. വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിച്ച മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. വനം വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി കല്പറ്റ എസ്.കെ.എം.ജെ. സ്കൂളിൽ നടന്ന ഉപന്യാസ മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു. കൈരളി ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ് എന്നിവയും മികച്ച പ്രവർത്തനം കാഴ്ച വെച്ചു. പുകയില വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ പുകയില വിരുദ്ധ വാരാഘോഷം സംഘടിപ്പിച്ചു. മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി റാലി സംഘടിപ്പിച്ചു.

# ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, വാകേരി

## പ്രവർത്തന റിപ്പോർട്ട് 2012-13 വി.എച്ച്.എസ്.ഇ.വിഭാഗം

2011-12 വർഷത്തിലും 2012-13 വർഷത്തിലും എൽ.എസ്.എം. കോഴ്സിൽ 100% വും എം.എൽ.ടി. കോഴ്സിൽ 96 ശതമാനവും വിജയം കരസ്ഥമാക്കി വാകേരി ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. ഈ വിജയ ശതമാനം കരസ്ഥമാക്കുവാൻ സ്കൂളിനെ സഹായിച്ചത് അദ്ധ്യയന വർഷാരംഭം മുതലുള്ള ചിട്ടയായ ക്ലാസ്സുകളും ജനുവരി 20 മുതൽ മാർച്ച് 2 വരെ നടത്തിയ പഠനക്യാമ്പുകളുമാണ് എന്ന് അഭിമാനപുരസരം ഓർമ്മിക്കുന്നു.

**എൻ.എസ്.എസ്.**

75 പേരടങ്ങുന്ന എൻ.എസ്.എസ്. യൂണിറ്റ് മൂന്ന് വർഷമായി പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം അമ്പുകുത്തി ജി.എൽ.പി. സ്കൂളിൽ ഡിസംബർ 21 മുതൽ 27 വരെ ക്യാമ്പ് ചെയ്ത് സ്കൂളിനൊരു ഔഷധതോട്ടവും പച്ചക്കറി തോട്ടവും നിർമ്മിച്ചു നൽകി. കൂടാതെ ജില്ലയിലെ ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു സർവ്വേ നടത്തി റിപ്പോർട്ട് ക്ഷീരവികസന വകുപ്പിന് നൽകി. സേവനം മുഖമുദ്രയാക്കി ചിട്ടയായ പ്രവർത്തനങ്ങളോടെ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**ഗ്രാമപ്രിയ നാടൻ കോഴിമുട്ടകൾ**

വി.എച്ച്.എസ്.ഇ.യിലെ മുഴുവൻ കുട്ടികൾക്കും 5 കോഴികുഞ്ഞുങ്ങളെവീതം വിതരണം ചെയ്ത് കുട്ടികൾ അവയെ സ്വന്തം വീടുകളിൽ പരിപാലിച്ച് മുട്ടകൾ ശേഖരിച്ച് സ്കൂളിലെത്തിക്കുകയും ഗ്രാമപ്രിയ എന്ന പേരിൽ സ്കൂൾ പി.ടി.സി.യുടെ ലേബലിൽ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം വിതരണം ചെയ്തുവരുന്നു. മൂന്നു വർഷമായി തുടരുന്ന ഈ പ്രവർത്തനങ്ങൾക്ക് കേരളമുഖ്യമന്ത്രിയുടെ പ്രശംസാപത്രം ലഭിച്ചവിവരം സന്തോഷത്തോടെ അറിയിക്കുന്നു.

**ഡയറിക്ലബ്ബ്**

ക്ഷീരവികസന വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ഒന്നുവീതം അനുഭവിക്കുന്ന ഡയറിക്ലബ്ബ് വി.എച്ച്.എസ്.ഇ.യിലെ എൽ.എസ്.എം. വിദ്യാർത്ഥികൾക്കായി അനുവദിച്ചു. ഇതിന്റെ ഭാഗമായി കുട്ടികളെ വിവിധ ഫാമുകൾ, ഡയറികൾ എന്നിവയിലേക്ക് സൗജന്യമായി കൊണ്ടുപോവു കയും, പശുപരിപാലനം, പാലുൽപ്പന്നങ്ങൾ നിർമ്മിക്കൽ എന്നിവക്ക് പരിശീലനം നൽകുകയും ചെയ്തു.

**സൗഹൃദക്ലബ്ബ്**

കൗമാര പ്രായക്കാരിലെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പരിഹരിച്ച് സുശക്തമായ വ്യക്തിത്വത്തിന് ഉടമകളാക്കി മാറ്റുന്നതിനുവേണ്ടി വിവിധ കൗൺസലിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഡോ. മുഹമ്മദ് റാസി, ഡോ. ചിദംബരനാഥ് തുടങ്ങിയവരുടെ ക്ലാസ്സുകൾ മറ്റ് മനശ്ശാസ്ത്ര ക്ലാസ്സുകൾ തുടങ്ങിയവ വളരെ ഗുണകരമായി എന്ന് വിദ്യാർത്ഥികൾ അഭിപ്രായ പ്പെട്ടു.

**പരിസ്ഥിതിദിനം**

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വനം വകുപ്പു വിതരണം ചെയ്ത വൃക്ഷതൈകൾ കുട്ടികൾ സ്കൂളിലും വീട്ടുവളപ്പിലും നട്ട് പരിപാലിച്ച് വരുന്നു.

**മയക്കുമരുന്ന് വിരുദ്ധദിനം**

ജൂൺ 26-ാം തിയ്യതി മയക്കുമരുന്നു ദിനാചരണത്തിന്റെ ഭാഗമായി സെമിനാറുകളും ചർച്ചകളും പോസ്റ്റർ നിർമ്മാണവും സംഘടിപ്പിച്ചു.

**ഓണം ക്രിസ്തുമസ് ആഘോഷം**

സ്കൂളിൽ ഓണാഘോഷവും ക്രിസ്തുമസ് ആഘോഷവും സമുചിതമായി സംഘടിപ്പിച്ചു.

സ്കൂളിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്ന പി.ടി.എ., എം.പി.ടി.എ. അർപ്പണ മനോഭാവത്തോടെ സ്ഥാപനത്തിന് വേണ്ടി പ്രവർത്തിച്ച അധ്യാപകർ വിജയശതമാനത്തിലൂടെ സ്കൂളിന്റെ യശസ്സ് വാനോളമുയർത്തിയ വിദ്യാർത്ഥികൾ രക്ഷാകർത്താ ക്കൾ എല്ലാവരോടുമുള്ള ഞങ്ങളുടെ നന്ദിയും കൃത ജ്ഞതയും അറിയിച്ചുകൊണ്ട്,

വിനയപുരസരം

**Government Voccational Higher Secondary School, Vakery**
**Statement of Receipts and payments as on 30th June 2013**

| Sl.No. | Particulars | Receipts | Payments | Remarks |
|---|---|---|---|---|
| 1 | PTA Fund 1st Year | 62295 | | |
| 2 | PTA Fund 2nd Year | 4700 | | |
| 3 | Examination | 2885 | | |
| 4 | Cash Return from jubilee comrnette | 3200 | | |
| 5 | Loan from principal | 5035 | | |
| 6 | PTA Fund refunded | | 1150 | |
| 7 | Flex printing | | 2133 | |
| 8 | Stationary | | 7547 | |
| 9 | D/D charge | | 110 | |
| 10 | TA-Expo | | 200 | |
| 11 | Telephone | | 1113 | |
| 12 | Gas | | 3160 | |
| 13 | Repair | | 6733 | |
| 14 | Functions (Onam,Sports,arts etc) | | 7935 | |
| 15 | Loan to golden jubilee commettee | | 10000 | |
| 16 | Vocational expo | | 1905 | |
| 17 | Lab reagant | | 16460 | |
| 18 | Painting | | 10000 | |
| 19 | Others | | 769 | |
| 20 | Cash at bank | | 7900 | |
| 21 | Total | 78115 | 78115 | |

**2012 ജൂലൈ 1 മുതൽ 2013 ജൂൺ 30 വരെയുള്ള**

| | | |
|---|---|---|
| ആകെ വരവ് | - | 73080 |
| ചെലവ് | - | 70215 |
| ബാങ്ക് ബാലൻസ് | - | 2865 |



*പാലിൽ നിന്ന് വിവിധ ഉൽപ്പന്നങ്ങൾ - പരിശീലനകളരി*



*ഗ്രാമപ്രിയ മുട്ട ഉല്പാദനം പാക്കിംഗ്*

## കളിസ്ഥലം ചെളിയിൽ

സ്കൂൾമുറ്റം : ശക്തമായ മഴയെ തുടർന്ന് ജി.വി.എച്ച്.എസ്.എസ്. വാകേരി സ്കൂളിന്റെ പ്ലേഗ്രൗണ്ട് ചെളിയിലമരുന്നു. ഇതുമൂലം കുട്ടികൾ കളിസ്ഥലം സ്റ്റേജിലേക്ക് മാറി ക്രമീകരിച്ചു. ഇതിനാൽ സ്റ്റേജിന്റെ അവസ്ഥയും പരിതാപകരമാണ്. കളിസ്ഥലം ചെളികൊണ്ട് നിറഞ്ഞതിനാൽ വിദ്യാർത്ഥി കൾക്ക് അനവധി ബുദ്ധിമുട്ടുകൾ നേരി ടേണ്ടി വരുന്നു.

**തത്വചിന്ത :** "ഉള്ളതുകൊണ്ട് ജീവിക്കാൻ അറിയാ ത്തവരുംപഠിക്കാത്തവരും എന്നും അടിമകളായിരിയ്ക്കും"

\- വോൾട്ടയർ

## ഗോത്രസാരഥി

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി യാത്രാസൗകര്യം ഇല്ലാത്ത ദൂരസ്ഥലങ്ങളിൽനിന്ന് കുട്ടികളെ സ്കൂളിൽ എത്തിക്കുക എന്നത് സർക്കാറിന്റെ ഉത്തര വാദിത്വമാണ്. ഇതിന്റെ ഭാഗമായി ട്രൈബൽ വകുപ്പും ജില്ലാപഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും ചേർന്ന് ആദിവാസി കുട്ടികൾക്കു വേണ്ടി നടപ്പാക്കിയ പദ്ധതിയാണിത്. മാരമലയിൽ നിന്ന് ഇതുപ്രകാരം കുട്ടികളെ വാഹനത്തിൽ കൊണ്ടുവരുന്നതിനായി 15000 രൂപ ലഭിച്ചു. ഇത് ഗോത്രസാരഥിക്കായി ഉപയോഗിക്കുകയും ചെയ്തു.

# ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, വാകേരി

## പ്രവർത്തന റിപ്പോർട്ട് 2012-13 ഹൈസ്കൂൾ വിഭാഗം

സുവർണ്ണ ജൂബിലി ആഘോഷങ്ങളാണ് 2013-13 അദ്ധ്യായന വർഷം വാകേരിക്ക് മാറ്റു കൂട്ടിയത്. അക്കാദമിക-അക്കാദമികേതര പ്രവർത്ത നങ്ങളും ദിനാചരണങ്ങളും മറ്റു വിദ്യാലയ പ്രവർ ത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇതിലുപരി തനതായ പ്രവർത്തനങ്ങളും സ്കൂൾ സ്വന്തം നിലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. അവ കുട്ടിക്കൊരു മാഗസിൻ, തൊഴിൽ പരിശീലനക്കളരി, നീന്തൽ പരിശീലനം, ഗോത്രഫെസ്റ്റ്, ജില്ലാതല രചനാമത്സരങ്ങൾ, ജില്ലാതല പ്രശ്നോത്തരി, ആശ്രയ ക്ലബ്ബ്, കുറുപ്പാട്ടി (ചുമർ മാസിക), ചൂട്ട് (മുഖപത്രം) തുടങ്ങിയവ എടുത്തു പറയാവുന്ന നേട്ടങ്ങളാണ്.

**കുട്ടിക്കൊരു മാഗസിൻ**

വിദ്യാർത്ഥികളുടെ എഴുത്തും വായനയും ശക്തിപ്പെടുത്തുക, സ്വതന്ത്ര രചനയ്ക്ക് അവസരമൊരു ക്കുക എന്നീ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത സർഗ്ഗാത്മക പ്രവർത്തനമാണ് കുട്ടിക്കൊരു മാഗസിൻ. 2012-13 അധ്യയന വർഷത്തിൽ സ്കൂളിൽ നടന്ന ഏറ്റ വും മികവാർന്ന പ്രവർത്തനമാണിത്. ഗണിതാധ്യാപ കനായ ശ്രീ. കെ. ആർ. ഷാജനാണ് ഈയൊരാശയം അധ്യാപക യോഗത്തിൽ അവതരിപ്പിച്ചത്. തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ക്ലാസധ്യാപ കരുടെ കൃത്യതയാർന്ന നിർദ്ദേശത്തിൽ ഓരോ കുട്ടിയും ഒന്നു വീതം കയ്യെഴുത്തു മാസിക തയ്യാറാക്കി. കഥ, കവിത, ഉപന്യാസങ്ങൾ തുടങ്ങി



*കുട്ടിക്കൊരു മാഗസിൻ ഡയറ്റ് പ്രിൻസിപ്പാൾ ശ്രീ. ഇ. പി. മോഹൻദാസ് പ്രകാശനം ചെയ്യുന്നു.*

സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വിഭവങ്ങളാൽ സമൃദ്ധമാണ് കുട്ടികളുടെ മാസികകൾ.



കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്തു മാസിക സ്വയം പ്രകാശനം ചെയ്യുന്നു.


കുട്ടിക്കൊരു മാഗസിൻ പ്രകാശനം 08-02-2013ന് വയനാട് ഡയറ്റ് പ്രിൻസിപ്പാൾ ശ്രീ. ഇ. പി. മോഹൻദാസ് ഒരു മാഗസിൻ സ്കൂൾ പി.ടി.എ. പ്രസിഡണ്ട് ശ്രീ. സി. എം. ഷാജിക്കു കൈമാറി ഔപചാരികമായി നിർവ്വഹിച്ചു. ഈ സമയം മുഴുവൻ കുട്ടികളും അവരവരുടെ മാസികകൾ കയ്യെഴുത്തു മാസിക ഉയർത്തിപ്പിടിച്ച് സ്വയം പ്രകാശനം നടത്തി. ഈ കാഴ്ച കണ്ണും കരളും ത്രസിപ്പിക്കുന്നതായിരുന്നു. ഡയറ്റ് സീനിയർ അധ്യാപകർ ശ്രീ. കെ. കെ. സുരേന്ദ്രൻ തുടർന്നു മുഖ്യപ്രഭാഷണം നടത്തി. സുവർണ്ണ ജൂബിലി ആഘോഷകമ്മിറ്റി ചെയർമാൻ ശ്രീ. സത്യാലയം തമ്പി, സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ജെറി ആഞ്ചലീന, ഹെഡ്മിസ്ട്രസ് ശ്രീമതി പി. ആർ. ചന്ദ്രമതി, പൂതാടി ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

### തൊഴിൽ പരിശീലന കളരി



പി.ടി.എ. വൈസ് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ മെഴുകുതിരി നിർമ്മാണം

വിദ്യാർത്ഥികളുടെ തൊഴിൽപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിനും വേണ്ടി ആവിഷ്ക്കരിച്ച പരിപാടിയാണ് തൊഴിൽ പരിശീലന കളരി. തൊഴിലിന്റെ മഹത്വം തിരിച്ചറിയുക, സാമ്പത്തിക സ്വയം പര്യാപ്തി നേടുക തുടങ്ങിയ ലക്ഷ്യം ഇതിനുണ്ട്. ആ ലക്ഷ്യത്തിലേക്കു കുട്ടികളെ കൈപിടിച്ചു നടത്തിയത് ശ്രീമതി കെ. ജി. സുജാത ടീച്ചറാണ്. യു.പി., ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഇതു സംഘടിപ്പിച്ചത്. വിദ്യാർത്ഥികൾക്ക് അവരുടെ തൊഴിൽപരമായ നൈപുണി തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടെന്നത് ഇതിന്റെ മികവാണ്. ഇതവരിൽ ആത്മ വിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ തൊഴിൽ ചെയ്തു സാമ്പത്തികം ആർജിക്കാൻ വഴിയൊരുക്കുകയാണ് സ്കൂളിൽ വെച്ച് ചെയ്തിട്ടുള്ളത്. സ്കൂൾ അവധിദിനങ്ങളായ ശനിയാഴ്ചകളിലാണ് തൊഴിൽ പരിശീലനം സംഘടിപ്പിച്ചത് എന്നതുതന്നെ ഈയൊരു പരിപാടിയുടെ പ്രാധാന്യവും മികവും വ്യക്തമാക്കുന്നു. ഇതൊരു തുടർപ്രക്രിയയായി വരും വർഷങ്ങളിലും നടത്താനുദ്ദേശിക്കുന്നു.



എം.പി.ടി.എ.പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ പേപ്പർബാഗ് നിർമ്മാണം പരിശീലിപ്പിക്കുന്നു.

### നീന്തൽ പരിശീലനം

പുഴകളിലും വെള്ളക്കെട്ടിലും മറ്റുമൊക്കെ വീണ് കുട്ടികൾ മരിക്കുന്ന പത്രവാർത്തകൾ നാം കാണാറുണ്ട്. ഇത്തരം സാഹചര്യത്തിൽ സ്വയരക്ഷ എന്ന ലക്ഷ്യത്തോടെയാണ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയത്. പത്താം ക്ലാസിലെ 40ഓളം കുട്ടികൾക്ക് പരിശീലനം നല്കാനായി എന്നത് മികവാണ്. ശ്രീ. കെ. ആർ. ഷാജൻ, എസ്.ആർ.സുനിൽകുമാർ എന്നിവരാണ് ഈ പദ്ധതിക്കു നേതൃത്വം നൽകിയത്.

### ആശ്രയ ക്ലബ്ബ്

നിർദ്ധനരായ കുട്ടികൾ വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ബുദ്ധിമുട്ടനുഭവിക്കുന്ന അവസരങ്ങളിൽ അവരെ സാമ്പത്തികമായി സഹായിക്കുന്നതിനായി രൂപീകരിച്ചതാണ് ആശ്രയ ക്ലബ്ബ്. ഇതിലൂടെ കുട്ടികളിൽ സേവനതല്പരതയും സന്മാർഗ്ഗഭാവവും വളർത്തിയെടുത്ത് സമൂഹത്തിൽ ഒരു നേരായ പാന്ഥാവ് തീർക്കുകയാണ് ഉദ്ദേശ്യം. ശ്രീമതി കെ.ജി. സുജാതയാണ് ഈ ആശയത്തിന്റെ ഉപജ്ഞാതാവ്. ക്ലബ്ബിന്റെ പ്രത്യേകത എന്നു പറയുന്നത് ഇതിൽ അംഗങ്ങളായ 70 ഓളം കുട്ടികൾ തൊഴിൽ പരിശീലന കളരിയിലൂടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റുകിട്ടുന്ന തുകയും സ്വന്തം അദ്ധ്വാനത്തിലൂടെ നേടുന്ന പണവുമാണ് പ്രവർത്തനത്തിന് ഉപയോഗിക്കുന്നത്. ഈ ക്ലബ്ബിന്റെ പ്രവർത്തനംകൊണ്ട് കുട്ടികളിലൂടെ കർമ്മോത്സുകരായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്നത് എടുത്തു പറയേണ്ട ഒരു മികവു തന്നെയാണ്.

### കവിയരങ്ങ്

കവിത വായിച്ചും കേട്ടും ആസ്വദിച്ചു ശീലിച്ച വിദ്യാർത്ഥികൾക്ക് വേറിട്ടൊരനുഭവമായിരുന്നു കവിയരങ്ങ്, മലയാള കാവ്യരംഗത്ത് പ്രാഗൽഭ്യം തെളിയിച്ച കേരളത്തിലും 12 കവികളും അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേർന്ന മികവുറ്റ പരിപാടിയായിരുന്നു കവിയരങ്ങ്. മലയാളത്തിന്റെ പ്രിയകവി ശ്രീ. പവിത്രൻ തീക്കുനി തന്റെ കവിതചൊല്ലി കവിയരങ്ങ് ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം പ്രശസ്ത കവി ശ്രീ. ബിജു ബാലകൃഷ്ണൻ നടത്തി. തുടർന്നു കവികളായ ശ്രീ. വിനീഷ് ചേനാട്, ശ്രീ. സാദിർ തലപ്പുഴ, ശ്രീ. പി. ആർ. രതീഷ്, ശ്രീ. അനീസ് മാനന്തവാടി, ശ്രീ. ഗിരീഷ് വാകേരി, ശ്രീ. രാജേഷ് ഇ. എസ്., ശ്രീ. ദേവദാസ് കേണിച്ചിറ, ശ്രീ. പ്രജീഷ് താന്നിയാട്, ശ്രീ. കെ. എസ്. നാരായണൻ തുടങ്ങിയവർ കവിതാനുഭവങ്ങൾ പങ്കിട്ടു. അധ്യാപകരായ കെ. ജി. സുജാത, രജിത എ. എന്നിവരും പത്താംക്ലാസ് വിദ്യാർത്ഥികളായ ആതിര കെ. ബി., അജിഷ്മ എ.എസ്., രാജശ്രീ എ. ആർ., അനുരഞ്ജിനി പി.ആർ. എന്നിവരും സ്വന്തം കവിതകളവതരിപ്പിച്ചു. ഒരു കവിയരങ്ങിൽ കവിതകളവതരിപ്പാക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു എന്നത് വലിയ മികവു തന്നെയാണ്.

### ഗോത്രഫെസ്റ്റ്

കാടും മലയും പുഴയും തങ്ങളുടെ സ്വന്തം ജീവിതമാക്കിയ പ്രകൃതിയോട് ഇന്നും വേർപെട്ടു ജീവിക്കാനാകാത്ത ഗോത്ര വിഭാഗങ്ങളുടെ തനതു കലകളുടെ ആവിഷ്കാരം. ജീവിതാനുഭവങ്ങൾ കലയായിമാറുന്ന നേർകാഴ്ചയായിരുന്നു ഈ പരിപാടി. അതിനുദാഹരണമാണ് 'ഞങ്ങ് പുടിക്കണു മീനുനെ പുടിക്കണു....' എന്നു തുടങ്ങുന്ന സംഘപ്പാട്ട്. കലകൾ പോഷിപ്പിക്കുന്നതിനും അന്യം നിന്നു പോകുന്ന ഇത്തരം കലകളെ ജനപ്രിയ മാക്കുന്നതിനുള്ള ശ്രമമാണ് ഗോത്ര ഫെസ്റ്റിലൂടെ ലക്ഷ്യമാക്കിയത്. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ചെയർമാൻ അഡ്വക്കറ്റ് സുരേഷ്കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറ്റ് സീനിയർ അധ്യാപകൻ ശ്രീ. കെ. കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. മുള്ളക്കുറുമരുടെ കോൽക്കളി, പണിയ വിഭാഗത്തിന്റെ തിരണ്ടുകല്യാണ ചടങ്ങുകൾ, കാട്ടുനായ്ക്ക വിഭാഗത്തിന്റെ വട്ടക്കളി തുടങ്ങിയ കലകളവതരിപ്പിച്ചു. ഇതിനു നേതൃത്വം നൽകിയത് അധ്യാപകരായ ശ്രീ. റ്റി. വി. രവി, ശ്രീ. കെ. ബി. ദിവാകരൻ, ശ്രീ. വി. ആർ. പത്മനാഭൻ എന്നിവരാണ്. സ്കൂൾ പരിപാടികളിലൂടെ ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികളെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ കഴിയും എന്നതാണ് ഇതിന്റെ മികവ്. കൂടാതെ ഇത്തരം കലകളെ ജനപ്രിയമാക്കുന്നതിനും സാധിക്കും.



ഗോത്രഫെസ്റ്റിൽ സ്കൂളിലെ ഗോത്രവിദ്യാർത്ഥികൾ അവതരിപ്പിച്ച വട്ടക്കളി

### ജില്ലാതല രചനാമത്സരങ്ങൾ, പ്രശ്നോത്തരി

സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ചു സ്കൂളിൽ നടത്തിയ രചനാമത്സരങ്ങളിൽ ജില്ലയിലെ വിവിധ വിദ്യാലയത്തിൽനിന്നുള്ള കുട്ടികൾ പങ്കെടുത്തു. ചിത്രരചനാമത്സരം ചിത്രകലാധ്യാപകൻ ശ്രീ. പി. ഡി. സുരേഷിന്റെ നേതൃത്വത്തിൽ നടന്നു. കഥ, കവിത, ഉപന്യാസം എന്നിവ ശ്രീമതി വി. സ്മിത, ശ്രീ. സുനിൽകുമാർ എസ്. ആർ. എന്നീ അധ്യാപകരുടെ മേൽനോട്ടത്തിൽ നടന്നു. ജില്ലാതല പ്രശ്നോത്തരി മലയാളം അധ്യാപകൻ ശ്രീ. കെ. കെ. ബിജു നടത്തി. യു.പി., ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരം നടത്തി വിജയികളെ കണ്ടെത്തി.

### കുറുപ്പാട്ടി

കുട്ടികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുക, മൗലിക രചനകൾ പ്രസിദ്ധീകരിക്കുന്നതിന് അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് 10 ബി ക്ലാസിന്റെ മുഖമാസികയായി കുറുപ്പാട്ടി എന്ന പേരിൽ ചുമർ മാസിക ആരംഭിച്ചത്. 2012 സെപ്റ്റംബർ 1ന് ആദ്യപതിപ്പിറക്കി. തുടർന്ന് മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു. കഥ, കവിത, ലേഖനം, പഠനം, കാർട്ടൂൺ, അനുഭവക്കുറിപ്പുകൾ തുടങ്ങി എല്ലാവിധ മൗലിക രചനകളും കുറുപ്പാട്ടിയിൽ പ്രസിദ്ധീകരിച്ചു. കുറുപ്പാട്ടിയിൽ പ്രസിദ്ധീകരിച്ച പരമ്പരയാണ് സ്കൂൾ ചരിത്രം. വാകേരി സ്കൂളിന്റെ ചരിത്രം വാമൊഴി ആഖ്യാനത്തിലൂടെ കണ്ടെത്താനുള്ള ശ്രമമായിരുന്നു ഈ പരമ്പര. ഇതിനു തൂലിക ചലിപ്പിച്ചത് മലയാളം അധ്യാപകൻ ശ്രീ. കെ. കെ. ബിജു ആണ്. പലരും മറന്നുതുടങ്ങിയ സ്കൂൾ ചരിത്രം ഇവിടെയെത്തുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്നു എന്നത് ഈ പരമ്പരയുടെ മികവാണ്.

ഇതുവരെ പ്രസിദ്ധീകരിച്ച രചനകളും താൽപര്യമുള്ള മറ്റു കുട്ടികളുടേയും അധ്യാപകരുടേയും രചനകൾ ഉൾപ്പെടുത്തി കുറുപ്പാട്ടിയുടെ വാർഷികപ്പതിപ്പ് 10-03-2013ന് പ്രസിദ്ധീകരിച്ചു. കുമാരി നിത്യ എം. എസ്. എഡിറ്ററുടെ ചുമതല നിർവ്വഹിച്ചു. അജിഷ്മ, അനുരഞ്ജിനി, ആതിര കെ. ബി. റിതുശോഭ് എന്നിവർ എഡിറ്ററെ സഹായിച്ചു. മികച്ച സാഹിത്യ രചനകളാണ് ഇതിലുള്ളത്. പ്രകൃതി നശീകരണത്തിനെതിരെ, കൃഷിയിടങ്ങൾ നശിക്കുന്നതിനെതിരെ, മാതൃഭാഷായോടുള്ള അവഗണനയ്ക്കെതിരെ കവിതകളെഴുതി. കടുവാസങ്കേതം വന്നാൽ ഉണ്ടാകാവുന്ന കാർഷികപ്രതിസന്ധികൾ വിവരിക്കുന്ന ലേഖനം, വയനാടിന്റെ വികസനവും പാരിസ്ഥിതിക പ്രശ്നങ്ങളും അവതരിപ്പിക്കുന്ന ഉപന്യാസം തുടങ്ങിവിവിധങ്ങളായ പ്രമേയങ്ങൾ കുട്ടികൾ അവതരിപ്പിച്ചു. അനുഭവങ്ങളും സങ്കൽപങ്ങളും വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കാനുള്ള കഴിവുകൾ കുറുപ്പാട്ടിയിലൂടെ കുട്ടികൾ നേടി എന്നതാണ് ഈ പ്രവർത്തനത്തിന്റെ മികവ്. 10 ബിയിലെ വിദ്യാർത്ഥികളായ ആതിര കെ. ബി., അജിഷ്മ എ. എസ്., രാജശ്രീ എ. എ. ആർ, അനുരഞ്ജിനി പി. ആർ. എന്നിവർ സ്കൂളിൽ നടന്ന കവിയരങ്ങിൽ സ്വന്തം കവിതകളവതരിപ്പിച്ചു. കുറുപ്പാട്ടിയിലൂടെ എഴുതിത്തുടങ്ങിയ വിദ്യാർത്ഥികൾക്ക് ഒരു കവിയരങ്ങിൽ കവിതകളവതരിപ്പിക്കാൻ

കഴിഞ്ഞത് വലിയ മികവുതന്നെയാണ്.

**ചൂട്ട് (മുഖപത്രം)**

മാനവ പുരോഗതിയിൽ മാധ്യമങ്ങ ളുടെ പങ്ക് തിരിച്ചറിയുക, ആരോഗ്യകരമായ സാംസ്കാരിക വളർച്ചയ്ക്ക് അനുഗുണമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, മാനവ സംസ്കാരത്തിന്റെ പാതയിൽ പുതുജീവിത വീക്ഷണം കണ്ടെത്തുക, പ്രമേയം, ആഖ്യാനം, എഡിറ്റിംഗ് തുടങ്ങിയ ഭാഷാനൈപുണികൾ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ മുൻനിറുത്തി ഒൻപതാം തരത്തിലെ മലയാള പഠനപ്രവർത്തനത്തിന്റെ ഭാഗമായി രൂപം കൊടുത്ത മുഖപത്രമാണ് "ചൂട്ട്". കനലു കളിൽ ഒളിപ്പിച്ച കിരണങ്ങൾ പ്രതിഫലിപ്പി ക്കുന്ന അനേകം ഭാവതീവ്രതകൾ പോലെ ചൂട്ടിലും സ്കൂളിലെ മുഴുവൻ പ്രവർത്തനങ്ങ ളേയും വിലയിരുത്താൻ വിദ്യാർത്ഥികളുടെ എഡിറ്റോറിയൽ ഗ്രൂപ്പിനു സാധിച്ചിട്ടുണ്ട്. സർഗ്ഗാത്മക രചനകൾക്കും വൈജ്ഞാനിക രചനകൾക്കും മുഖപത്രത്തിൽ ഇടം നൽകിട്ടിരുന്നു. ചൂട്ടിന്റെ അണിയാശില്പികൾ നിസ്‌ല കെ. എം., അപർണ, അരുൺചിത്ത്, അമൽ കെ. പി., സയികൃഷ്ണ തുടങ്ങിയ ഒമ്പതാം തരം വിദ്യാർത്ഥികളാണ്. ദിനരാത്രങ്ങളുടെ വേഗത്തി നൊപ്പം എരിയുവാനും വെളിച്ചം പകരാനും ചൂട്ടിനു കഴിഞ്ഞിട്ടുണ്ടെന്നത് വാകേരി സ്കൂളിലെ വിദ്യാർത്ഥികളുടെ മികവുതന്നെ.

**ആഘോഷങ്ങൾ**

പ്രവേശനോത്സവം, ആഗസ്റ്റ് പതിനഞ്ച്, ഓണം, സ്കൂൾ യൂത്ത് ഫെസ്റ്റിവൽ, സ്പോർട്സ് ഡേ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേള കളും ദിനാചരണങ്ങളും സമുചിതമായി ആഘോഷിച്ചു.




*2013 - 2014 വർഷത്തെ പ്രവേശനോത്സവത്തിൽ നിന്ന്*

**രക്തനിർണ്ണയ ക്യാമ്പ്**

വാകേരി ലയൺസ് ക്ലബിന്റെ സഹകരണ ത്തോടെ സ്കൂളിൽ വെച്ച് രക്തനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഡയറക്ടറി തയ്യാറാക്കി.

**എൽ.എസ്.എസ്, യു.എസ്.എസ്. പരിശീലനം**

യു.പി., എൽ.പി. വിഭാഗം അധ്യാപകരുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം സ്കൂളിൽ എൽ.എസ്.എസ്. പരീക്ഷ എഴുതുന്ന കുട്ടികൾക്കു വേണ്ടി പ്രത്യേക പരിശീലനം നടത്തി. ഉച്ചയ്ക്ക് 1.30 മുതൽ 2 വരേയും നാലു മണി മുതൽ 4.30 വരേയുമാണ് ഇതിന് സമയം കണ്ടെത്തിയത്.

**എസ്.പി.സി.**

കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുക, കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരി ക്കുക, സേവന മനോഭാവം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തുടങ്ങിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂളിൽ പ്രവർത്തനം ആരംഭിച്ചു. കെ. കെ. മുകുന്ദൻ, കെ. ആർ. രമ്യ എന്നീ അദ്ധ്യാപകരാണ് എസ്.പി.സി.യുടെ ചുമതല വഹിക്കുന്നത്. ഒരു ബാച്ചിൽ 44 കുട്ടികളാണുള്ളത്. രണ്ടാമത്തെ ബാച്ച് ഈ വർഷം ആരംഭിച്ചു. അവധിക്കാല ക്യാമ്പ്, പഠനയാത്ര, യൂണിഫോം, പഠനക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. 1 ലക്ഷം രൂപ ഇതിനായി സർക്കാരിൽ നിന്ന് ലഭിച്ചു.



*എസ്.പി.സി. പരിശീലനം*

**പൈക്ക**

പൂതാടി പഞ്ചായത്തുതല പൈക്കമത്സര ത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു. നിരവധി സമ്മാനങ്ങൾ നേടി.

**സർഗ്ഗവേദി**

ബി.ആർ.സി.യുടെ സഹായത്തോടെ കുട്ടിക ളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ വികസിപ്പിക്കുന്ന തിനായി സംഘടിപ്പിച്ച സർഗ്ഗവേദി നമ്മുടെ സ്കൂളിൽ വച്ചാണ് നടത്തിയ രണ്ടുദിവസത്തെ ക്യാമ്പിൽ പഞ്ചായത്തിലെ വിവിധ സ്കൂളികളിൽ നിന്നായി 40 കുട്ടികൾ പങ്കെടുത്തു.




**സബ്ജില്ലാ യുവജനോത്സവം**

പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയതിന്റെ ഫലമായി ഒപ്പനയ്ക്ക് എ ഗ്രേഡു ലഭിച്ചു. ആനപ്പാറ സ്കൂളിൽ വെച്ചു നടന്ന കലോത്സവത്തിൽ വ്യക്തിഗത ഇനങ്ങളിൽ പങ്കെടുത്ത കുട്ടികൾ സമ്മാനങ്ങൾ നേടി. ഇന്ദു ടീച്ചർ, പ്രവീൺ സാർ എന്നിവരുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമായാണ് കുട്ടികൾക്ക് ഈ നേട്ടം ഉണ്ടായത്.

## ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം

കഴിഞ്ഞവർഷം കുട്ടികൾക്ക് ഉച്ചഭക്ഷണം ക്ലാസ്സ് മുറികളിൽ എത്തിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം നടപ്പാക്കി. പ്രഭാതഭക്ഷണം വൈവിധ്യ മുള്ളതാക്കി. ഉച്ചഭക്ഷണത്തിന് 456234 രൂപയും പ്രഭാതഭക്ഷണത്തിനായി 139678 രൂപയും സർക്കാറിൽ നിന്ന് ലഭിച്ചു.

## ആർ.എം.എസ്.എ. ഫണ്ട്

കെട്ടിടത്തിന് ആകർഷകമായ പെയിന്റിംഗ്, ലൈബ്രറി പുസ്തകം, ലാബ് ഉപകരണങ്ങളും കെമിക്കൽസും വാങ്ങുന്നതിനായി 75000 രൂപ ആർ.എം.എസ്.എ. ഫണ്ടിൽ നിന്ന് ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പഠനോപകരണഗ്രാന്റ്, സ്കൂൾഗ്രാന്റ്, നവീകരണഗ്രാന്റ് എന്നീ ഇനത്തിൽ എസ്.എസ്.എ. യിൽ നിന്ന് 36000 രൂപ ലഭിച്ചു. ഇത് നിർദ്ദേശാനുസര ണം വിനിയോഗിച്ചു.

## ഗാനം

ആതിര കെ. ബി.(പൂർവ്വ വിദ്യാർത്ഥിനി)

നേർത്ത വസന്തത്തിൻ കാലങ്ങളിൽ
പൂവായ് വിടരുവാൻ മോഹം തോന്നി
നനുത്ത കാറ്റിന്റെ ശീൽക്കാര മേറ്റുറങ്ങുന്ന
പുഴക്കരയിലെ ചെറുമൺ തരി പോലെ
മുല്ലപ്പൂവിന്റെ തൂവെണ്മ കണ്ടപ്പോൾ
മുല്ലപ്പൂവാകുവാൻ മോഹം തോന്നി
പനിനീർ പൂവിന്റെ ഗന്ധമേൽക്കുമ്പോൾ
പനിനീർ പൂവാകുവാൻ മോഹം തോന്നി
പ്രകൃതിയിൽ കാണുന്ന വർണ്ണാഭകാഴ്ചകൾ
കാണാതുറങ്ങുവാൻ എനിക്കാവതില്ല (നേർത്ത.....)
പുഴകളും കായലും പുഷ്പജാലങ്ങളും
ജീവന്റെ അടയാളമായി നിൽക്കേ
ഇടവഴിയിൽ ചിതറിയ ചെമ്മണ്ണുപോലും
കളഭമായ് ചാർത്തുവാൻ ഭംഗി തോന്നി (നേർത്ത....)
കുളിർകാറ്റു പാട്ടുകൾ മൂളിടുമ്പോൾ
ചിരിക്കുന്ന പൂക്കൾ ചുവടു വയ്ക്കും
കിളിപ്പാട്ടിനീണം പോലെത്ര രമ്യം
നൃത്തത്തിൻ താളം പോൽ പ്രകൃതി ഭംഗി
നേർത്ത വസന്തത്തിൻ കാലങ്ങളിൽ
പൂവായ് വിടരുവാൻ മോഹം തോന്നി

**നിർമ്മാണ പ്രവർത്തനങ്ങൾ**

900000 രൂപ ഊട്ടുപുര നിർമ്മിക്കുന്നതിനായി ബത്തേരി എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ചു. ഊട്ടുപുരയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. എസ്.എസ്.എ. 770000 രൂപ മൂത്രപ്പുര നിർമ്മാണത്തിന് അനുവദിച്ചു. ആയതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ലൈബ്രറിയുടെ അടുത്തുണ്ടായിരുന്ന ഭാഗം നെറ്റടിച്ച് ഉപയോഗ്യക്ഷമ മാക്കി. ഇപ്പോൾ റീഡിംഗ് റൂം കം റിക്രിയേഷൻ റൂം ആയി ഉപയോഗിക്കുന്നു. മോഹനൻ സാർ ആയിരുന്നു ലൈബ്രറിയൻ. കുട്ടികൾക്ക് ഒഴിവു സമയങ്ങളിൽ ഇരുന്നു വായിക്കാൻ ഒരിടമായി ഇതു മാറ്റിയെടുക്കാൻ കഴിഞ്ഞു. വിറക് സൂക്ഷിക്കാൻ സ്ഥല ദൗർലഭ്യം അനുഭവിച്ചിരുന്നു. അതിനുപരിഹാരമായി വിറകുപുര വിപുലപ്പെടുത്തി നിർമ്മിച്ചു. ഇത്രത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനിടയിൽ സ്കൂളിലുണ്ടായിട്ടുണ്ട്. കൂടാതെ ഓഫീസ് മുറി നവീകരിച്ചു. സ്റ്റോർറൂം താല്ക്കാലികമായി കാർ ബോർഡ് ഉപയോഗിച്ച് രണ്ടാക്കിത്തിരിച്ചു. ഇതിനുപുറമെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ടും സ്കൂൾ പരിസരവും പഞ്ചായ ത്തിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി.



*ഊട്ടുപുരയുടെ ശിലാസ്ഥാപനം*
*എം. ഐ. ഷാനവാസ് എം.പി. നിർവ്വഹിക്കുന്നു.*

## വരവ്-ചെലവ് കണക്ക്

| | |
|---|---|
| കലോത്സവം | - 28080 |
| വി.എച്ച്.എസ്.ഇ. | - 23700 |
| എച്ച്.എം. അഡ്വാൻസ് | - 23036 |
| സംഭാവന | - 9975 |
| പരീക്ഷാ ഫീസ് | - 18135 |
| പി.ടി.എ. ഫണ്ട് | - 210050 |
| ആകെ വരവ് | - 302976 |
| അറ്റകുറ്റപ്പണി സാധനങ്ങൾ | - 10997 |
| അറ്റകുറ്റപ്പണി പണിക്കൂലി | - 12530 |
| ശുചീകരണം | - 5562 |
| യാത്രാബത്ത | - 23720 |
| ചായ, ഭക്ഷണം | - 7436 |
| സംഭാവന നൽകിയത് | - 7075 |
| ഫോൺ | - 4308 |
| വൈദ്യുതി | - 25517 |
| പബ്ലിസിറ്റി | - 9177 |
| ലൈബ്രറി | - 1999 |
| സ്റ്റേഷനറി | - 65952 |
| ദിനാചരണം | - 5391 |
| എച്ച്. എം. അഡ്വാൻസ് തിരിച്ചു നൽകിയത് | - 23036 |
| വി.എച്ച്.എസ്.ഇ.ക്ക് തിരിച്ചു നൽകിയത് | - 16000 |
| ആഘോഷകമ്മിറ്റിക്കു നൽകിയത് | - 5000 |
| കലോത്സവം | - 26764 |
| ഹോക്കി ഉപകരണങ്ങൾ | - 15000 |
| കൗൺസലിംഗ്, ബോധവൽക്കരണം | - 3500 |
| ഓഫീസ് കസേര | - 9618 |
| തൊഴിൽ പരിശീലനം | - 3969 |
| ആകെ | - 277160 |
| നീക്കിരിപ്പ് ബാങ്കിൽ | - 24846 |

**Printed and Published by HM, GVHSS Vakery,**
**Printed at Co-operative Offset Press, Sulthan Bathery-221325**